റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ശ്രീ. ജോസഫ് എം. പുതുശ്ശേരി ഉന്നയിച്ച വിഷയം പരിശോധിച്ചു. ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി അംഗങ്ങൾക്ക് ലഭിക്കണമെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ട് ചോദ്യങ്ങൾക്ക് മറുപടി കൃത്യമായി കൊടുക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. ഈ ചോദ്യങ്ങളിൽ കുറേക്കൂടി വിശദാംശങ്ങൾ ലഭിക്കാനുണ്ടെന്നാണ് ഞാൻ പരിശോധിച്ചപ്പോൾ മനസ്സിലായത്. ഏറ്റവും വേഗത്തിൽ, രണ്ടാഴ്ചയ്ക്കുള്ളിൽ തന്നെ അതിന് മറുപടി എത്തിക്കുമെന്ന് ശ്രീ. ജോസഫ് എം. പുതുശ്ശേരിയെ അറിയിക്കുന്നു.

## (2) റൂളിംഗ്

മി. സ്പീക്കർ: ഇതു സംബന്ധിച്ച് ശ്രീ. കെ. കെ. ഷാജുവും നോട്ടീസ് നൽകിയിരുന്നു. 11-3-2008-നു തന്നെ മറുപടി നൽകേണ്ടതായിരുന്നു. മന്ത്രി അന്ന് ഭാഗികമായിട്ട് മറുപടി പറഞ്ഞിരുന്നു. ചെയറും അത് പിന്നീട് പരിശോധിച്ച് പറയാമെന്ന് പറഞ്ഞിരുന്നു. ഇക്കാര്യം ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 11-ാം തീയതി മറുപടി നൽകേണ്ടിയിരുന്ന ചോദ്യത്തിന് 'വിവരം ശേഖരിച്ചു വരുന്നു' എന്നാണ് മറുപടി നൽകിയിരുന്നത് എങ്കിലും വിശദമായ മറുപടി പിന്നീട് നൽകിയിട്ടുള്ളതായും 16-3-2008-ലെ 324-ാം നമ്പർ പാർട്ട് 2 ബുള്ളറ്റിനിൽ ഇത് പ്രസിദ്ധീകരിച്ചിട്ടുള്ളതായും കാണുന്നുണ്ട്. ശ്രീ. ജോസഫ് എം. പുതുശ്ശേരി ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ നിരവധി പ്രാവശ്യം സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. നിയമസഭാ ചോദ്യങ്ങളുടെ ഉത്തരം യഥാസമയം ലഭിക്കുന്നില്ലെന്നുള്ള പരാതി പല ഘട്ടങ്ങളിലായി ഉണ്ടാകുകയും ചെയർ വ്യക്തമായ റൂളിംഗ് നൽകിയിട്ടുള്ളതുമാണ്. അപൂർവ്വം ചോദ്യങ്ങൾക്ക് ചിലപ്പോൾ പെട്ടെന്ന് മറുപടി ശേഖരിക്കാൻ കഴിഞ്ഞെന്ന് വരില്ല. ചില പ്രത്യേക സാഹചര്യത്തിൽ വിവരം ശേഖരിച്ചു വരുന്നു എന്ന് മറുപടി നൽകാറുണ്ട്. അപ്രകാരമുള്ള മറുപടി എല്ലാ സഭകളിലും ഉണ്ടായിട്ടുണ്ട്. എന്നാൽ മറുപടി അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നത് ശരിയായ നടപടിക്രമമല്ല. അതിനാൽ വിവരം ശേഖരിച്ചു വരുന്നു എന്ന് മറുപടി നൽകുന്ന ചോദ്യങ്ങൾക്ക് കഴിയുന്നതും വേഗം മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് ചെയർ വീണ്ടും റൂൾ ചെയ്യുകയാണ്.

# VIII. നിയമനിർമ്മാണകാര്യം

## സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly